പരിസ്ഥിതി വിജ്ഞാന കോശം, ആധുനിക കലാസാഹിത്യ സിദ്ധാന്തങ്ങൾ, ആരോഗ്യവിജ്ഞാന കോശം എന്നീ വാല്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും വാല്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഒരു ഡിറ്റി.പി. സിസ്റ്റം സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തീരക്കടൽ മത്സ്യബന്ധനം

29 (*419) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യം പിടിക്കുന്നതിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ ; എങ്കിൽ ഈ നിയമനിർമ്മാണം എന്നത്തേയ്ക്കുണ്ടാകുമെന്ന് വിശദമാക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ,ബി&സി) മത്സ്യം പിടിക്കുന്നവർക്ക് മാത്രമായി മത്സ്യബന്ധനത്തിലെ ആസ്തികളുടെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തുന്ന ഒരു ജലപരിഷ്കരണം സംസ്ഥാനത്തിന്റെ തീരക്കടൽ പ്രദേശത്തേയ്ക്കായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ട്. നിയമനിർമ്മാണം ആവശ്യമായ ഇക്കാര്യത്തിൽ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടേയുള്ളൂ.

ഫിഷറീസ് നയം

30 (*420) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഫിഷറീസ് നയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നയത്തിൽ കടലോര മത്സ്യബന്ധന നിയന്ത്രണ നിയമത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നത് സംബന്ധിച്ച് ദേശീയ നയത്തോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യന്ത്രവൽക്കരണം കൊണ്ട് 50 ശതമാനം മത്സ്യം കുറഞ്ഞു എന്നും പഴ്സീൻ വല നിരോധിക്കണമെന്നും ഉള്ള സുപ്രീംകോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ ;

(ഇ) കേന്ദ്രഗവൺമെന്റിന്റെ പുതിയ സാമ്പത്തികനയം സമുദ്രവിഭവങ്ങൾ സംരക്ഷിക്കുന്നതിന് ഉതകുന്നതല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ സമുദ്രവിഭവങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) മത്സ്യസമ്പത്ത് സ്ഥായിയായി സംരക്ഷിക്കുക, വികസിപ്പിക്കുക, മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുക, മത്സ്യഉപഭോക്താക്കളുടെ താത്പര്യം സംരക്ഷിക്കുക എന്നിവ ഉറപ്പുവരുത്തുന്നതിന് ഒരു മത്സ്യവികസന നയം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മത്സ്യോല്പാദന മേഖലയിൽ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുക വിപണന മേഖലയിൽ ആദ്യ വില്പനയ്ക്കുള്ള അവകാശം മറ്റ് തൊഴിലാളികൾക്ക് ലഭ്യമാക്കുക എന്നിവയ്ക്ക് ആവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തുവാൻ ഉദ്ദേശമുണ്ട്.

(സി) കേന്ദ്രസർക്കാർ 1991-ൽ ആവിഷ്ക്കരിച്ച ആഴക്കടൽ മത്സ്യബന്ധന നയപ്രകാരം കേരളത്തിലെ ആഴക്കടൽ മേഖലയിൽ പ്രവർത്തിക്കുന്നതിന് വിദേശ മത്സ്യബന്ധനയാനങ്ങൾക്ക് ലൈസൻസ് നൽകിയ നടപടി പുനഃപരിശോധിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ "കേന്ദ്ര ആഴക്കടൽ നയം" പുനഃപരിശോധിക്കുന്നതിനെപ്പറ്റി പഠിക്കുവാൻ നിയോഗിച്ച മുരാരി കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായും നടപ്പിലാക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് നിരന്തരം ആവശ്യപ്പെട്ടുവരികയാണ്.

(ഡി) ഉണ്ട്. കേരള മറൈൻ ഫിഷറീസ് റഗുലേഷൻ ആക്ട്പ്രകാരം പഴ്സീൻ വലകളുടെ ഉപയോഗം കേരളത്തിന്റെ തീരക്കടലിൽ നിരോധിച്ചിട്ടുണ്ട്. കൂടാതെ യന്ത്രവൽക്കരണം കൊണ്ട് മത്സ്യസമ്പത്ത് കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഫിഷറീസ് വകുപ്പ് ബോട്ടുകൾക്ക് പുതിയ രജിസ്ട്രേഷൻ നൽകുന്നത് നിറുത്തിവച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കേന്ദ്ര ആഴക്കടൽ നയം പുനഃപരിശോധിക്കുന്നതിനെപ്പറ്റി പഠിക്കുവാൻ നിയോഗിച്ച മുരാരികമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായും നടപ്പിലാക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് നിരന്തരം ആവശ്യപ്പെട്ടുവരുന്നു. കൂടാതെ മൺസൂൺ കാലത്ത് ബോട്ടം ട്രോളിംഗ് നടത്തുന്നതിന് താൽക്കാലികമായി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly